**വളരെ അടിയന്തിരം**

10208
17.7.19

കേരള സർക്കാർ

നമ്പർ.തസ്വഭവ-ആർ.എ 1/269/2019-തസ്വഭവ

തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പ്
തിരുവനന്തപുരം, തീയതി:10.07.2019
ഫോൺ : 0471-2518688
ഇ-മെയിൽ : lsgdra2017@gmail.com

പ്രേഷകൻ

അഡീഷണൽ ചീഫ് സെക്രട്ടറി

സ്വീകർത്താവ്

1) മെമ്പർ സെക്രട്ടറി, കേരള തീരദേശ പരിപാലന അതോറിറ്റി, തമ്പാനൂർ ബസ് ടെർമിനൽ, തിരുവനന്തപുരം.
2) എല്ലാ ജില്ലാ കളക്ടർമാർക്കും.
3) ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.
4) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്.
5) ഡയറക്ടർ, കൃഷി വകുപ്പ്, തിരുവനന്തപുരം.

സർ,

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമപഞ്ചായത്തുകളിൽ തീർപ്പാക്കാതെ കിടക്കുന്ന പെർമിറ്റ്, ഒക്കുപ്പൻസി/കെട്ടിട നമ്പർ എന്നിവ സംബന്ധിച്ച അപേക്ഷകൾ തീർപ്പാക്കൽ അദാലത്ത് - സംബന്ധിച്ച്.

സൂചന : പഞ്ചായത്ത് ഡയറക്ടറുടെ 04.07.2019-ലെ C6-12891/18 നമ്പർ കത്ത്.

പരാമർശിത വിഷയത്തിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ തീർപ്പാക്കാതെ കിടക്കുന്ന പെർമിറ്റ്, ഒക്കുപ്പൻസി/കെട്ടിട നമ്പർ എന്നിവ സംബന്ധിച്ച അപേക്ഷകൾ അദാലത്ത് നടത്തി തീർപ്പാക്കാൻ ബഹു: തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത അദാലത്തുകൾ ക്രിയാത്മകമായി നടപ്പിലാക്കാൻ ജില്ലാ കളക്ടറുടെ പ്രതിനിധി, ഡിസ്ട്രിക്ട് ടൗൺ പ്ലാനേഴ്സ്, തദ്ദേശസ്വയംഭരണ വകുപ്പിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഡിസ്ട്രിക്ട് പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസർ, കേരള തീരദേശ പരിപാലന അതോറിറ്റി പ്രതിനിധി എന്നിവരുടെ സേവനം കൂടി അഭികാമ്യമാണെന്ന് സൂചന കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ പൊതുതാല്പര്യം സംരക്ഷിക്കാനുള്ള തീവ്രയജ്ഞ പരിപാടി എന്ന നിലയിൽ പഞ്ചായത്ത് വകുപ്പ് നടത്തുന്ന അദാലത്തുകളിൽ പഞ്ചായത്ത് ഡയറക്ടർ ആവശ്യപ്പെടുന്ന മുറയ്ക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സേവനം വിട്ടുനൽകാൻ കർശന നിർദ്ദേശം നൽകുന്നു.

വിശ്വസ്തതയോടെ,
**അനിൽ കുമാർ ജി.**
അണ്ടർ സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിക്കു വേണ്ടി

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ.

**<u>മേലെഴുത്ത് നം. ഡിബി.7/10206/19/സിഇ/തസ്വഭവ, തീയതി 17/07/2019</u>**

മേൽ പരാമർശിത വിഷയവുമായി ബന്ധപ്പെട്ട് നടത്തുന്ന അദാലത്തുകൾ ക്രിയാത്മകമായി നടപ്പിലാക്കുവാൻ തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ എല്ലാ തലത്തിലുമുള്ള സേവനം നിർബന്ധമായും ഉറപ്പാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

for **ചീഫ് എഞ്ചിനീയർ**